# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തുറവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-2/738/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുറവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-2/738/2021 തീയ്യതി: 24/09/2021

## ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2019 മുതൽ 30-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ് ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രാജേഷ് കെ.ജി., അസി. ഓഡിറ്റ് ഓഫീസർ,
ശ്രീ. റോയ് റ്റി.എം., അസി. ഓഡിറ്റ് ഓഫീസർ,
ശ്രീ. ജോസഫ് ജോർജ്ജ്, സീ.ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി. പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അനിത | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| സോമൻ | | | |
| ശ്രീമതി. സതീദേവി രാമൻനായർ | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. ജെയിൻ ഏണസ്റ്റ് (ധനകാര്യം) | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ. കെ.ആർ. രൺഷു (വികസനകാര്യം) | ചെയർമാൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. സരസമ്മ വിജയൻ (ക്ഷേമകാര്യം) | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ. ആർ. വിദ്യാധരൻ (ആരോഗ്യ വിദ്യാഭ്യാസം) | ചെയർമാൻ | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുചിത്ര ബി. ഷേണായി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ശാലിനി വിൽക്കിൻസൺ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. നീനാ ചന്ദ്രൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. ലക്ഷ്മി യശോദരൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി. ലീന ഡെന്നീസ് | സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| ശ്രീ. സൈമൺ അലിൻ ടി.എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തുറവൂർ) | 01-04-2019 | 31-03-2020 |
| ശ്രീ. അനിൽകുമാർ കെ.എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മനക്കോടം) | 01-04-2019 | 31-03-2020 |
| ശ്രീമതി. ധന്യ കെ.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. മഹിളാമണി | എച്ച്.എം., ഗവ. എൽ.പി.എസ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ആശാ ബി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. ഫൌലാദ് എ.എഫ്. | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ആഭ.വി.എസ്. | അസി. എഞ്ചിനീയർ | 01-04-2019 | 16-07-2019 |

| | | | |
|---|---|---|---|
| ശ്രീമതി.സുഹാസിനി.പി. | അസി. എഞ്ചിനീയർ | 17-07-2019 | 21-07-2019 |
| ശ്രീ.പ്രവീൺ.വി.എഫ്. | അസി. എഞ്ചിനീയർ | 22-07-2019 | 31-12-2019 |
| ശ്രീമതി.മായാദേവി.പി.ആർ. | അസി. എഞ്ചിനീയർ | 01-01-2020 | 22-01-2020 |
| ശ്രീമതി.ദിവ്യ ജോൺ | അസി. എഞ്ചിനീയർ | 23-01-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajesh K.G (Asst. Audit Officer, On 12-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 28-07-2021) | 1-1 |
| 2 | വാർഷികധനകാര്യ പത്രിക<br>Written By: Rajesh K.G (Asst. Audit Officer, On 12-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 02-08-2021) | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന- അപാകതകൾ<br>Written By: Joseph George (Senior Grade Auditor, On 28-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 28-07-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം( റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)<br>Written By: Rajesh K.G (Asst. Audit Officer, On 28-07-2021)<br>Last Updated By: P.Sabu (Audit Officer (HG), On 31-07-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Rajesh K.G (Asst. Audit Officer, On 30-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Rajesh K.G (Asst. Audit Officer, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 02-08-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajesh K.G (Asst. Audit Officer, On 30-07-2021)<br>Last Updated By: T.M Roy (Senior Grade Auditor, On 02-08-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Rajesh K.G (Asst. Audit Officer, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Rajesh K.G (Asst. Audit Officer, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Rajesh K.G (Asst. Audit Officer, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajesh K.G (Asst. Audit Officer, On 30-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 30-07-2021) | 1-10 |
| 12 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക / സേവനങ്ങൾ) - അപാകങ്ങൾ<br>Written By: Preetha (Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-11 |
| 13 | തൊഴിൽ നികുതി<br>Written By: Preetha (Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-12 |
| 14 | വ്യക്തിഗത ആനുകൂല്യവിതരണ പദ്ധതികളിൽ കരാറിന് മുദ്രപത്രം വാങ്ങിയില്ല.<br>Written By: Joseph George (Senior Grade Auditor, On 28-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-13 |
| 15 | ലൈഫ് ഒന്നാം ഘട്ടം- പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം-അധിക തുക വിതരണം - പണി പൂർത്തീകരിക്കാതെ മുഴുവൻ തുകയും നൽകി<br>Written By: Joseph George (Senior Grade Auditor, On 28-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-14 |
| 16 | വനിതകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്കു ധനസഹായം- അർഹതാ രേഖകൾ ഉറപ്പുവരുത്താതെ പദ്ധതി സഹായം നൽകി<br>Written By: Joseph George (Senior Grade Auditor, On 28-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-15 |

| | | |
|---|---|---|
| 17 | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് – അർഹതപ്പെട്ട തുക ഉറപ്പാക്കിയില്ല<br>Written By: T.M Roy (Senior Grade Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-16 |
| 18 | തുല്യതാ പരീക്ഷയ്ക്ക് ഫീസിളവ് -അക്കൗണ്ട് മാറി തുക ക്രഡിറ്റ് ചെയ്തു<br>Written By: T.M Roy (Senior Grade Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-17 |
| 19 | ഓഡിറ്റ് ഇംപാക്ട്<br>Written By: Rajesh K.G (Asst. Audit Officer, On 30-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-18 |
| 20 | കെ.എസ്,ഇ.ബി ഡെപ്പോസിറ്റ് പ്രവൃത്തി- പൂർത്തീകരണ വിവരം ഇല്ല<br>Written By: Rajesh K.G (Asst. Audit Officer, On 30-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-19 |
| 21 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതി- അപാകതകൾ<br>Written By: Preetha (Auditor, On 29-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-20 |
| 22 | ഐ.കെ.എം നുള്ള വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Rajesh K.G (Asst. Audit Officer, On 30-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-21 |
| 23 | ബാരൽ വില നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല<br>Written By: Rajesh K.G (Asst. Audit Officer, On 02-08-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 27-08-2021) | 1-22 |
| | **ഭാഗം 2** | |
| 1 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക / സേവനങ്ങൾ) - അപാകങ്ങൾ<br>Written By: Rajesh K.G (Asst. Audit Officer, On 24-08-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-08-2021) | 2-1 |
| 2 | വ്യക്തിഗത ആനുകൂല്യവിതരണ പദ്ധതികളിൽ കരാറിന് മുദ്രപത്രം വാങ്ങിയില്ല.<br>Written By: Rajesh K.G (Asst. Audit Officer, On 24-08-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-08-2021) | 2-2 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajesh K.G (Asst. Audit Officer, On 30-07-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 08-09-2021) | 4-1 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

ബജറ്റ്.

2019-20 വർഷത്തെ ബജറ്റ് 21.02.2019 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 36,13,74,918 | 35,91,80,658 |
| വാർഷിക കണക്ക് പ്രകാരം | 12,74,94,123 | 9,13,98,038 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. റസ്പീറ്റ് & പെയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്ത വരവുകൾ ഉൾക്കൊള്ളിച്ചാൽ പോലും(EFMS, DBT തുടങ്ങിയവ) ദശകോടികളുടെ വ്യത്യാസം ഉള്ളതായി കാണുന്നു. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവു ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 19.05.2020 | - | - |

### 1-2-1 വാർഷിക കണക്ക് പരിശോധന- അപാകതകൾ

ഉറവൂർ ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-I പ്രകാരം Profession Tax Employees എന്ന ഇനത്തിലുള്ള ഡിമാന്റ് തുക 1469920/-രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള തൻ വർഷത്തെ ഡിമാന്റ് തുക 1708420/-രൂപയാണ്.

3.Profession Tax Employees ഡി.സി.ബി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ 229450/- രൂപ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. Profession Tax -Institutions ഡി.സി.ബി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ 7500/- രൂപ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം ഈയിനത്തിൽ തുകയൊന്നും തന്നെ ലഭിക്കാനില്ല.

4. Profession Tax Traders, Licence Fees എന്നിവയുടെ Advance Collection ഡി.സി.ബി രജിസ്റ്റർ, ബാലൻസ് ഷീറ്റ് എന്നിവയിൽ വ്യത്യസ്തമാണ് .

5.ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2019-20 ൽ ഡെപ്പോസിറ്റുകളുടെ Headwise Details തയ്യാറാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള വരവ് ചെലവ്,നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

6.അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള വരവ് ചെലവ്,നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

6..പെർമിറ്റ് സംബന്ധിച്ച രജിസ്റ്ററിൽ കൃത്യമായ ഡി.സി.ബി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

7.വാടക രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ഡി.സി.ബി രജിസ്റ്ററിലെ വാർഷിക സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ ലഭിക്കാനുള്ള ആകെ തുക രജിസ്റ്ററിലെ വാടക വരവുമായി പൊരുത്തപ്പെടുന്നില്ല. ഓരോ ഷോപ്പിന്റെയും വാടക ലഭിക്കുന്നത് കൃത്യമായി പോസ്റ്റ് ചെയ്യുന്നില്ല. ഓരോ ഷോപ്പിന്റെയും വാടകയുടെ ഡി.സി.ബി വിവരങ്ങൾ തയ്യാറാക്കിയിട്ടില്ല.

8.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

9. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ,ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions)

10.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 പ്രകാരം Prior Period Income-Property Tax Non Residential Buildings ഉൾപ്പടെയുള്ള Prior Period Income എന്ന ഇനത്തിലുള്ള തുകകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

11.സ്ഥിരം നിക്ഷേപമായി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക മുൻ വാർഷിക കണക്കുകളിൽ ഉൾപ്പെട്ട അതേ സംഖ്യ തന്നെയാണ്. ലഭിക്കാനുള്ള പലിശക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions).

## 1-3 സാമ്പത്തിക വിശകലനം( റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 33965359 |
| വരവ് | 93528764 |
| ആകെ | 127494123 |
| ചെലവ് | 91398038 |
| നീക്കിയിരിപ്പ് | 36096085 |

## 1-4 ഫണ്ട് വിനിയോഗം

| | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (എ.സി.ആർ പ്രകാരം) | 0 | 20691840 | 20691840 | 15450065 | 5241775 | 0 |
| വികസന ഫണ്ട്-എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 12133706 | 12133706 | 8605853 | 3527853 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (എ.സി.ആർ പ്രകാരം) | 0 | 0 | 0 | 0 | 0 | |
| മെയിന്റനൻസ്, റോഡ് (എ.സി.ആർ പ്രകാരം) | 0 | 2569000 | 2569000 | 971653 | 1597347 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (എ.സി.ആർ പ്രകാരം) | 0 | 5483000 | 5483000 | 3969967 | 1513033 | |
| സി.എഫ്.സി. (എ.സി.ആർ പ്രകാരം) | 0 | 14575593 | 14575593 | 6222402 | 8353191 | |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 202 | 192430543 | 114 | 73119974 | 80 | 8 | 56.44 |

പൂർത്തിയാകാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| പ്രോ നം. | പ്രോജക്റ്റിന്റെ പേര് |
|---|---|
| 42 | പ്രൈമറിസ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം |
| 143 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി |

| | |
|---|---|
| | സെന്ററിന് സ്ഥലം വാങ്ങൽ |
| 171 | 113-ാം നമ്പർ അങ്കണവാടി നിർമ്മാണം |
| 192 | ലൈഫ് മിഷൻ ഭവന പദ്ധതി ജനറൽ-ഹഡ്കോ ലോൺ തിരിച്ചടവ് |
| 194 | വെള്ളക്കരകുടിശ്ശിക അടവാക്കൽ |
| 195 | ലൈഫ് മിഷൻ ഭവന പദ്ധതി എസ്.സി-ഹഡ്കോ ലോൺ തിരിച്ചടവ് |
| 198 | ബയോഗ്യാസ് പ്ലാന്റ് ഗാർഹികതലം |
| 250 | പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് |

ശരിയായ ആസൂത്രണമല്ലാതെ പദ്ധതികൾ രൂപീകരിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 123325 | 1354233 | 1477558 | 960011 | 517547 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 63531989 | 63531989 | 63531989 | 0 |
| | 123325 | 64886222 | 65009547 | 64492000 | 517547 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 283440 | 651 |
| കർഷകതൊഴിലാളി പെൻഷൻ | 3003600 | 509 |
| വിധവാപെൻഷൻ | 4548000 | 483 |
| വാർദ്ധക്യകാലപെൻഷൻ | 11688000 | 2282 |
| വികലാംഗപെൻഷൻ | 2144900 | 362 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 755400 | 93 |
| വിവാഹധനസഹായം | 150000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2021 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7136/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ ജീവനക്കാരുടെ ജോലിവിഭജനം കൃത്യമായി രേഖപ്പെടുത്തുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഓരോ ഇനത്തിലുമുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല.

5. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

6. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

8. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.

9. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

10. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.2.2021 | 12/2020 To 01/2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.05.2017 To 03.06.2017 | 2012-13 To 2016-17 | 31.07.2017 |

പെർഫോമൻസ് ഓഡിറ്റ് വിഭാഗം 01/2021 വരെയുള്ള കാലയളവിലെ ഓഡിറ്റ് 16.2.21 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് പഞ്ചായത്തിൽ **ലഭിച്ചാലുടൻ** ഓഡിറ്റ് പരാമർശങ്ങളിന്മേൽ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. അക്കൌണ്ടന്റ് ജനറലിന്റെയും പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയും മുൻകാല റിപ്പോർട്ടുകളിൽ ഇനിയും തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ എത്രയും വേഗം തീർപ്പാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക /സേവനങ്ങൾ) - അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു

1.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തന്മൂലം എല്ലാ വ്യാപാരികളും ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നതായോ തൊഴിൽ നികുതി ഒടുക്കുന്നതായോ ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഇത് ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനിടവരുത്തും. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്തെങ്കിലും ക്രിയാത്മകമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല. എല്ലാ വ്യാപാരസ്ഥാപനങ്ങളെ കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനും അവരെ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2.1996 ലെ പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ (പട്ടിക ക്രമ നം-149) അബ്കാരി ഷോപ്പുകൾ(കള്ളുഷാപ്പ്) (ക്രമ നം-139),പാൽ സൊസൈറ്റികൾ (ക്രമ നം-132) ഉടങ്ങിയ സ്ഥാപനങ്ങളുടെ വിവരങ്ങളും, അവ ലൈസൻസ് എടുത്തിട്ടുണ്ടോ എന്നതും സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറി(27/30.1.2019)ക്ക് ലഭ്യമാക്കിയ മറുപടിയിൽ

ഈ സ്ഥാപനങ്ങളെ കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിന് നോട്ടീസ് നൽകി ലൈസൻസ് എടുപ്പിച്ച് റിപ്പോർട്ട് ചെയ്യു കൊള്ളാമെന്ന രേഖപ്പെടുത്തിയിട്ടുണ്ട്.

3.പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

31.10.2017 തീയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ്ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം 2019-20 വർഷത്തിൽ ലൈസൻസിനുള്ള അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ അപേക്ഷകളിലൊന്നും വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടു. ആയതിനാൽ പല പ്രമുഖ സ്ഥാപനങ്ങളുടേയും ലൈസൻസ് ഫീസ് മുൻവർഷത്തെ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. ഇതുകാരണം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

4.1994 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പരിധിയിൽ ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് യാതൊരുസ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 10 പ്രകാരം ഈ ആവശ്യങ്ങൾക്കുള്ള നിലവിലെ ലൈസൻസ് പുതുക്കുന്നത് സാമ്പത്തിക വർഷാവസാനത്തിന് 30 ദിവസം മുമ്പും പുതിയ ലൈസൻസ് അനുവദിക്കുന്നത് സ്ഥാപനം തുറക്കുന്നതിന് 30 ദിവസം മുമ്പുമായിരിക്കണം. 2019-20 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അപേക്ഷ,രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിലവിൽ ലൈസൻസുള്ള മിക്ക സ്ഥാപനങ്ങളും തന്നെ സാമ്പത്തിക വർഷം ആരംഭിച്ചതിന് ശേഷം മാത്രമാണ് ലൈസൻസ് വാങ്ങിയിട്ടുള്ളത്. ടി സ്ഥാപനങ്ങളിൽ നിന്ന് ബിലേറ്റഡ് ഫീസിനത്തിൽ ഒന്നും തന്നെ ഈടാക്കിയിട്ടില്ല.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | അപേക്ഷകന്റെ പേര് | അപേക്ഷ സ്വീകരിച്ച തീയതി | ഈടാക്കിയ ലൈസൻസ് തുക | ഈടാക്കേണ്ടിയിരുന്ന ബിലേറ്റഡ് ഫീസ്(ലൈസൻസ് ഫീസിന്റെ 25% ) | രസീത് നം / തീ |
|---|---|---|---|---|---|
| 1 | ടി.ആർ ഓമന സിമാലയം XVII/212 | 26/04/19 | 500 | 125 | 119030100195/ 26/4/19 |
| 2 | ജയൻ ആർ പുത്തംതറ വീട്, തുറവൂർ.പി.ഒ VII/338 | 17/04/19 | 500 | 125 | 119030100138/ 17/04/19 |
| 3 | സിബി ബോസി മാളിയേക്കൽ, ചന്തിരൂർ.പി.ഒ V/156,168 | 16/05/19 | 500 | 125 | 19030100425/ 16/05/19 |
| 4 | സുരേഷ് പി .കെ പാർവ്വതി നിവാസ്, തുറവൂർ.പി.ഒ V/157 | 16/5/19 | 500 | 125 | 119030100426/ 16/05/19 |
| 5 | എൻ.മധു നടക്കൽ പറമ്പിൽ | 4/04/19 | 500 | 125 | 1190301000017/ 4/04/19 |

| | | | | | |
|---|---|---|---|---|---|
| | തുറവൂർ പി.ഒ<br>V/68 | | | | |
| 6 | രാധാകൃഷ്ണൻ<br>എം.പി<br>മുല്ലശ്ശേരിത്തറ<br>തുറവൂർ<br>പി.ഒ,ചേർത്തല<br>V/120 | 10/4/19 | 500 | 125 | 119030100/<br>10/04/19 |
| 7 | ജയ മാത്യൂ<br>മാലിയിൽ,തുറവൂർ,<br>വളമംഗലം<br>XII/433 | 23/12/19 | 500 | 125 | 19030100078/<br>23/12/19 |
| 8 | ധന്യ എസ്<br>പാവുങ്കൽ<br>തുറവൂർ പി.ഒ,<br>5/86 | 21/5/2019 | 500 | 125 | 119030100519<br>21/5/2019 |
| 9 | വേണുകുട്ടൻ എസ്<br>നടുവിലേഴത്ത്<br>വളമംഗലം പി.ഒ<br>X/280 B | 22/5/19 | 500 | 125 | 19030100568<br>22/5/2019 |
| 10 | സുനീർ റ്റി.എം<br>തെക്കേക്കാട്ടിൽ<br>പുത്തൻ വീട്<br>പള്ളിത്തോട്<br>പി.ഒ<br>16/188 A | 22/5/19 | 500 | 125 | 19030100562/<br>22/5/2019 |
| 11 | കുമാരൻ<br>കലാഭവൻ<br>വളമംഗലം തെക്ക്<br>പി.ഒ<br>X/245 A | 31/05/19 | 500 | 125 | 19030100656<br>31/05/2019 |
| 12 | ഗീതാ<br>ഗണപതിത്തറ,<br>വളമംഗലം,തുറവൂർ<br>5/712 | 1/06/19 | 500 | 125 | 19030100668<br>1/6/2019 |
| 13 | ഇന്ദുലേഖ<br>വടക്കേമാതുപറമ്പ്<br>പടിഞ്ഞാറേ<br>മനക്കോടം<br>IV/215 B | 2/07/19 | 500 | 125 | 19030100993<br>6/7/2019 |
| 14 | തമ്പി ആർ<br>ചാലുചിറ വീട് | 29/07/19 | 1000 | 250 | 19030101224<br>7/8/2019 |

| | | | | | |
|---|---|---|---|---|---|
| | വളമംഗലം തെക്ക്, തുറവൂർ X1/150 | | | | |
| | ആകെ | | | 1875 | |

മേൽ സ്ഥാപനങ്ങളിൽ നിന്നും ബിലേറ്റഡ് ഫീസ് ഈടാക്കേണ്ടതാണ്. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുമ്പോൾ സമയബന്ധിതമായി സമർപ്പിക്കാത്ത അപേക്ഷകളിൽ നിന്നും ബിലേറ്റഡ് ഫീസ് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5.മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ടി സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

<u>അപേക്ഷകരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു</u>

| ക്രമ നം: | വാർഡ് നം/ കെട്ടിട നം. | ഉടമസ്ഥന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | IV/537 | ഗംഗാധരൻ നായർ കെ.എൻ | 7 HP | 100 | - | 100 |
| 2 | II/270 | റ്റി.ബി.സിംസൺ | 25 HP | 250 | 150 | 100 |
| 3 | V/255 | ജയകുമാർ.കെ.ആർ | 10 HP | 100 | - | 100 |
| 4 | XV/164 | ഫ്രാൻസിസ് | 62HP | 500 | 200 | 300 |
| 5 | XIII/209 | സുനിൽ കെ.എസ് | 7HP | 100 | - | 100 |
| 6 | XVII/212 | ടി.ആർ ഓമന | 10hp | 100 | 50 | 50 |
| 7 | V/78 | എ.ജി സതിദേവി | 10HP | 100 | - | 100 |
| 8 | XI/37 | മുരളീധരൻ എ.കെ | 10 HP | 100 | | 100 |
| 9 | XI/150 | തമ്പി ആർ | 20 Hp | 200 | - | 200 |
| | ആകെ | | | | | 1150 |

മേൽ സ്ഥാപന ഉടമകളിൽ നിന്നും റണ്ണിംഗ് ഫീസിനത്തിൽ കുറവു വന്ന തുക 1150/- രൂപ ഈടാക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. മേൽ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-12 തൊഴിൽ നികുതി</u>

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധ വാർഷിക പത്രികകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല എന്ന് കണ്ടു.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ തൊഴിൽ, കല, ജോലി എന്നിവയിലേർപ്പെടുകയോ ഉദ്യോഗം വഹിക്കുന്നതോ ആയ എല്ലാവരും നിയമപ്രകാരമുള്ള വരുമാന സ്ലാബിനനുസൃതമായ തൊഴിൽ നികുതി നൽകേണ്ടതാണ്. 2019-20 കാലയളവിൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| | | |

| | | |
|---|---|---|
| 1 | വളമംഗലം ക്ഷീരോൽപാദക സഹകരണ സംഘം | 2 |
| 2 | തുറവൂർ റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 2 |
| 3 | കുന്നത്ത് ഫിനാൻസ് ലിമിറ്റഡ് | 2 |

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1. | വളമംഗലം ക്ഷീരോൽപാദക സഹകരണ സംഘം. | 2 |
| 2. | തുറവൂർ റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 2 |
| 3 | കുന്നത്ത് ഫിനാൻസ് ലിമിറ്റഡ് | 2 |
| 4 | മിൽമ | 2 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പോസ്റ്റ് ഓഫീസ്,തുറവൂർ തെക്ക്,പോസ്റ്റ് ഓഫീസ്,വളമംഗലംഎന്നീ പോസ്റ്റ് ഓഫീസുകളിലെ ജീവനക്കാരുടെ2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി അടവാക്കുന്നതിന്ചേർത്തല പോസ്റ്റ് മാസ്റ്റർ മുഖേന നോട്ടീസ് നൽകിയിട്ടുള്ളതാണന്ന് അറിയിച്ചിട്ടുണ്ട്.കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകി തുക അടവാക്കി റിപ്പോർട്ട് ചെയ്യു കൊള്ളാമെന്ന ഓഡിറ്റ് എൻക്വയറി നം.2ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി/സ്ഥാപന നികുതി ഈടാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. തൊഴിൽ നികുതി കൃത്യമായും കാര്യക്ഷമമായും പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 വ്യക്തിഗത ആനുകൂല്യവിതരണ പദ്ധതികളിൽ കരാറിന് മുദ്രപത്രം വാങ്ങിയില്ല.

തുറവൂർ ഗ്രാമപഞ്ചായത്തിൽ അസി.സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ Dtd 14.02.2018 ഖണ്ഡിക 2.2.15, സർക്കാർ ഉത്തരവ് (സാധാ) നം.2728/2017/തസ്വഭവ) എന്നിവ പ്രകാരം വ്യക്തിഗത ആനുകൂല്യവിതരണ പദ്ധതികളിൽ കരാറിന് നിഷ്കർശിച്ചിട്ടുള്ള മുദ്രപത്രം വാങ്ങാത്തതിനാൽ സംസ്ഥാന സർക്കാരിന് ഈയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്, നമ്പർ | ചെലവ് | എണ്ണം |
|---|---|---|---|
| 1 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് നം. 21/20 | Rs.8,25,000/- | 40 പേർ |
| 2 | എസ്.സി വിവാഹ ധനസഹായം പ്രോജക്ട് നം. 18/20 | Rs.750000/- | 10 പേർ |

വിവാഹ ധനസഹായം വിതരണ പദ്ധതിയിൽ മാത്രം സർക്കാർ മാർഗ്ഗനിർദ്ദേശം അനുസരിച്ച് മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിലുള്ള നിയമാനുസൃത കരാർ ചമക്കാതിരുന്നതിനാൽ ഒരു ഗുണഭോക്താവിൽ നിന്നും 200 രൂപ വീതം ആകെ 2000 രൂപ മുദ്രപത്രവിലയിനത്തിൽ സർക്കാരിന് ലഭിച്ചില്ല. ഈ തുക സർക്കാരിന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിദ്യാഭ്യാസ സഹായ പദ്ധതികളിൽ ബിരുദാനന്തര ബിരുദ, മെഡിക്കൽ വിദ്യാർത്ഥികൾക്ക് ഉയർന്ന നിരക്കിലുള്ള സഹായമാണ് നൽകുന്നത്. ഈ പദ്ധതിയിലുൾപ്പടെ സർക്കാർ നിഷ്കർശിച്ചിട്ടുള്ള നിരക്കിലുള്ള മുദ്രപത്രം വാങ്ങാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ലൈഫ് ഒന്നാം ഘട്ടം- പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം-അധിക തുക വിതരണം - പണി പൂർത്തീകരിക്കാതെ മുഴുവൻ തുകയും നൽകി

പ്രോജക്ട് നം. : 138/20 (S.O)

അടങ്കൽ : 67269/-(പ്ലാൻ ഫണ്ട് - ജനറൽ)

ചെലവ് : 58936/-

ബിൽ നം- 09/2019-20 Rs. 58,936/- C/O 08/07/2019

ഉറവൂർ ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മനക്കോടം നടപ്പിലാക്കിയ ലൈഫ് ഒന്നാം ഘട്ടം- പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം-അധിക തുക വിതരണം എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ മൂന്നുപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. വിവിധ ഭവനപദ്ധതികളിലായി ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്ക് നിലവിലെ ഭവനനിർമ്മാണ ധനസഹായത്തിന് ആനുപാതികമായ തുക നൽകി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പദ്ധതി ചെലവുകളുടെ രേഖകൾ പരിശോധിച്ചതിൽ പദ്ധതിയിൽ ഒരു ഗുണഭോക്താവായ ശ്രീമതി.ലീനാമ്മ യേശുദാസ്, കുന്നേൽ, പള്ളിത്തോട് ഉറവൂർ പി.ഓ എന്നയാളുടെ ബാങ്കിലെ 854110110007983 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിക്കുമ്പോൾ നൽകുന്ന അവസാനഗഡു 30,000 രൂപ ട്രഷറി ബിൽ (ബിൽ നം.09/2019-20 Rs. 58,936/- C/O 08/07/2019) മുഖേനെ നൽകിയിട്ടുണ്ട്. എന്നാൽ ആദ്യത്തെ ഭവനപദ്ധതിയിലെ ധനസഹായം കൈപ്പറ്റിയതിന്റേതല്ലാതെ, നിർമ്മാണ സ്റ്റേജ് സർട്ടിഫിക്കറ്റുൾപ്പടെ യാതൊരു അധിക രേഖകളും വാങ്ങാതെയും അധിക ധനസഹായം നൽകിയ തുക ഭവന നിർമ്മാണത്തിന് വിനിയോഗിച്ചു എന്നുറപ്പുവരുത്താതെയുമാണ് അവസാന ഗഡുവടക്കമുള്ള സഹായം അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താവ് അധിക ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കുമ്പോൾ മാത്രം നൽകേണ്ട അവസാനഗഡു രേഖകളില്ലാതെയും ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കാതെയും അനുവദിച്ചത് ക്രമപ്രകാരമല്ല. ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചുവെന്ന രേഖകളില്ലാതെ നൽകിയ 30,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ ഈ വിഷയം അവതരിപ്പിച്ച് മേൽ ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വനിതകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്കു ധനസഹായം- അർഹതാ രേഖകൾ ഉറപ്പുവരുത്താതെ പദ്ധതി സഹായം നൽകി

പദ്ധതി-വനിതകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്കു ധനസഹായം

പദ്ധതി നം-90/2020

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ, മനക്കോടം സർക്കിൾ

അടങ്കൽ- 10,00,000/(വികസന ഫണ്ട് -ജനറൽ -Rs.10,00,000)

ചെലവ് -10,00,000/(വികസന ഫണ്ട് -ജനറൽ)

ബിൽ നം- 01/2019-20 Rs. 8,75,000/- C/O 15/05/2019 & 03/2019-20 Rs.1,25,000/- C/O 15/05/2019

2019-20 സാമ്പത്തിക വർഷം വി.ഇ.ഒ മനക്കോടം സർക്കിൾ, നടപ്പിലാക്കിയ പദ്ധതി പ്രകാരം ഉറവൂർ ഗ്രാമപഞ്ചായത്തിലെ എട്ട് കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കു ധനസഹായം നൽകുന്നതിനായി ആകെ 10,00,000/- രൂപ

ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തി.14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4.3 പ്രകാരമാണ് ഈ വിഭാഗത്തിൽ ധനസഹായം നൽകാൻ അനുവദിച്ചിട്ടുള്ളത്. ഒരു കുടുംബശ്രീ ഗ്രൂപ്പിന് 1,25,000 വീതമാണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകിയിട്ടുള്ളത്. കുറഞ്ഞത് അഞ്ച് പേരടങ്ങിയ സ്വയംതൊഴിൽ സംരംഭങ്ങൾക്കാണ് മേൽ മാർഗ്ഗരേഖയിൽ ഈ ഇനത്തിൽ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ അനുമതിയുള്ളത്. പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധിച്ചതിൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.താഴെപ്പറയുന്ന കുടുംബശ്രീ ഗ്രൂപ്പുകൾക്കാണ് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നല്കിയത്.

1.വിനായക ആക്റ്റിവിറ്റി ഗ്രൂപ്പ്

2.ത്രയംബിക തയ്യൽ യൂണിറ്റ്

3.സിംഫണി ഫുഡ് സപ്ലിമെന്റ്

4.ലയ ആക്റ്റിവിറ്റി ഗ്രൂപ്പ്

5.ഹരിത കാറ്ററിംഗ് യൂണിറ്റ്

6.ബട്ടർഫ്ലൈ തയ്യൽ യൂണിറ്റ്

7.ശിവശക്തി ആക്റ്റിവിറ്റി ഗ്രൂപ്പ്

8.അംഗന വേൾഡ് ഓഫ് ഫാഷൻസ്

പദ്ധതി നടത്തിപ്പിലെ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4 പ്രകാരം ഒരു വായ്പാബന്ധിത പ്രോജക്ടായാണ് പദ്ധതി നടപ്പിലാക്കേണ്ടത്. സബ്സിഡി തുക ബാങ്കിലേക്ക് ബാക്ക് എൻഡ് സബ്സിഡിയായി നൽകണം. എന്നാൽ പദ്ധതി പ്രകാരം ധനസഹായം നൽകിയ എട്ട് ഗ്രൂപ്പുകളിൽ ഒരു ഗ്രൂപ്പും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വയംതൊഴിൽ സംരംഭത്തിനായി ബാങ്ക് വായ്പ അനുവദിച്ചതിന്റെ രേഖകൾ പദ്ധതി ഫയലിൽ ഹാജരാക്കിയിട്ടില്ല. വായ്പ സംബന്ധിച്ച യാതൊരു രേഖകളും ഉറപ്പാക്കാതെയും ഗ്രൂപ്പുകൾ സംരംഭം തുടങ്ങി എന്ന് ഉറപ്പുവരുത്താനുള്ള പർച്ചേസ് ബില്ലുകളോ വാടക കരാറുകളോ ഹാജരാക്കാതെയുമാണ് പദ്ധതി പ്രകാരമുള്ള ധനസഹായം നൽകിയിട്ടുള്ളത്. വായ്പക്കുള്ള അപേക്ഷ നൽകിയതിന്റെയോ ലോൺ അനുവദിച്ചതിന്റെയോ യാതൊരു രേഖകളും ധനസഹായം അനുവദിച്ച എട്ട് ഗ്രൂപ്പുകളിൽ ഒരു ഗ്രൂപ്പ് പോലും ഹാജരാക്കിയിട്ടില്ല. സബ്സിഡി തുക ഗ്രൂപ്പുകൾക്ക് വായ്പ അനുവദിച്ചിട്ടുള്ള ബാങ്കിലേക്ക് ബാക്ക് എൻഡ് സബ്സിഡിയായി നൽകേണ്ടതിനു പകരം കുടുംബശ്രീ ഗ്രൂപ്പിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേക്കാണ് നൽകിയത്.

2.ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ഗ്രാമ നഗര വ്യത്യാസമില്ലാതെ ഗ്രൂപ്പുകളിൽ കുറഞ്ഞത് അഞ്ച് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.എന്നാൽ ഈ പദ്ധതിയിൽ ആനുകൂല്യം അനുവദിച്ച വിനായക ആക്റ്റിവിറ്റി ഗ്രൂപ്പിൽ അപേക്ഷയിലെ രേഖകൾ പ്രകാരം മൂന്ന് അംഗങ്ങൾ മാത്രമാണുള്ളത്.

3.പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ സഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ഗ്രൂപ്പുകളിലുണ്ടാവാൻ പാടില്ല.എന്നാൽ ഈ പദ്ധതിയിൽ ആനുകൂല്യം അനുവദിച്ച സിംഫണി ഫുഡ് സപ്ലിമെന്റ് യൂണിറ്റ് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് വാങ്ങി വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന യൂണിറ്റാണ്. ഉറവൂർ ഗ്രാമപഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലുമെല്ലാം അംഗൻവാടികളിൽ അമൃതം ഫുഡ് സപ്ലിമെന്റ് വിതരണം നടത്തുന്നത് ഈ യൂണിറ്റാണ്. ആയതിനാൽ തന്നെ ഇത് ഒരു പുതിയ തൊഴിൽ സംരംഭമല്ല. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യൂണിറ്റിന് അർഹതാ രേഖകളൊന്നും ഹാജരാക്കാതെ പുതിയ തൊഴിൽ സംരംഭത്തിനുള്ള ധനസഹായം അനുവദിച്ചത് ക്രമപ്രകാരമല്ല.

4.ആനുകൂല്യം നൽകിയ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്ക് തന്നെയാണ് ആനുകൂല്യം നൽകിയത് എന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല.ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങൾ പരിശോധിക്കാതെ ,ആവശ്യമായ രേഖകൾ ഉറപ്പാക്കാതെയും സ്വയം തൊഴിൽ സംരംഭം ആരംഭിച്ചുവെന്നത് ഉറപ്പുവരുത്താതെയും സബ്സിഡി നൽകിയത് ക്രമപ്രകാരമല്ല. ആയതിനാൽ ഈ പദ്ധതിയിൽ വിനിയോഗിച്ച 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് നിർബന്ധമാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ ഉറപ്പാക്കി മാത്രം ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് – അർഹതപ്പെട്ട തുക ഉറപ്പാക്കിയില്ല

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 2019-20 വർഷം ഗ്രാമപഞ്ചായത്ത് 818850 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി വിഹിതത്തിൽ 535190 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 283660 രൂപയുമാണ് ഇതിനായി വിനിയോഗിച്ചത്. ജില്ലാപഞ്ചായത്ത് വിഹിതമായി 300000 രൂപ വകയിരുത്തിയയെങ്കിലും

ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. മാനസീക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, യാത്രബത്ത ഇനത്തിൽ പ്രതിമാസം രണ്ടായിരം രൂപയും മറ്റ് പഠനാവശ്യങ്ങൾക്കായി വർഷത്തിൽ 4500 രൂപയും ഉൾപ്പെടെ ഒരു കുട്ടിയ്ക്ക് വർഷത്തിൽ 28,500 സ്കോളർഷിപ്പായി ലഭിക്കേണ്ടതാണ്. എന്നാൽ തൻവർഷം 19125 രൂപ മാത്രമാണ് ഒരു കുട്ടിയ്ക്ക് നൽകിയത്. ജില്ലാപഞ്ചായത്ത് വിഹിതമായി തുകയൊന്നും ലഭിക്കാതിരുന്നതിനാലാണ് ഇവർക്ക് അർഹതപ്പെട്ട തുക നൽകുവാൻ കഴിയാതിരുന്നത്. സംയുക്ത പ്രോജക്ടുകൾക്കായി വകയിരുത്തുന്ന തുക പൂർണ്ണമായും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഈവിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-17 തുല്യതാ പരീക്ഷയ്ക്ക് ഫീസിളവ് -അക്കൗണ്ട് മാറി തുക ക്രഡിറ്റ് ചെയ്തു

പഞ്ചായത്ത് എൽ.പി സ്കൂൾ പ്രഥമാധ്യാപിക 2019-20 വർഷം നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം പത്താതരം കോഴ്സിനായി ഒരു പഠിതാവിന് 1850 രൂപാ ക്രമത്തിൽ 3 പഠിതാക്കൾക്കായി 5550 രൂപയും ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിനായി ഒരു പഠിതാവിന് 2500 രൂപാ ക്രമത്തിൽ 17 പഠിതാക്കൾക്കായി 42500 രൂപയും ഉൾപ്പെടെ തൻവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 48050 രൂപ (ബിൽ നം (02/2019-20/ 20.03.2020) സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. പത്താംതരം തുല്യതാ കോഴ്സിന്റെ ഫീസ് സംസ്ഥാന സാക്ഷരതാ മിഷന്റെ സ്റ്റേറ്റ് ബാങ്ക് 57026996123 നമ്പർ അക്കൗണ്ടിലേയ്ക്കും ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ ഫീസ് യൂക്കോ ബാങ്കിന്റെ 02880100113107 നമ്പർ അക്കൗണ്ടിലേയ്ക്കുമാണ് ഒടുക്കേണ്ടത്. ഫയൽ പരിശോധിച്ചതിൽ, ബാങ്ക് അക്കൗണ്ടുകൾ പരസ്പരം മാറിയാണ് തുക അടവാക്കിയിട്ടുള്ളത്. തന്മൂലം സാക്ഷരതാ മിഷനിൽ നിന്നും തുകയുടെ കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല. അക്കൗണ്ടുകൾ പരസ്പരം മാറിപോയത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷരതാ മിഷനെ രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. മേൽ പരാമർശിച്ചിട്ടുള്ള പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവ് തുക 48050/- രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് അറിയിക്കുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-18 ഓഡിറ്റ് ഇംപാക്ട്

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി 2019-20 വർഷം നടപ്പിലാക്കിയ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന പ്രോജക്ട്(101/20) പ്രകാരം തനത് ഫണ്ടിൽ നിന്നും തൻവർഷം 130212 രൂപ ചെലവഴിച്ചതിൽ ( ചെക്ക് നം. 2375045/03.01.20- 94260/- രൂപ; ചെക്ക്നം. 742964/07.09.2019- 35952/- രൂപ) തെരുവ് വിളക്ക് അറ്റകുറ്റപണിയ്ക്കായി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ സി.കെ. രാജു എന്ന കരാറുകാരനുമായി പഞ്ചായത്ത് 07.07.2018-ൽ കരാറുടമ്പടിയിൽ ഏർപ്പെട്ട് പ്രവ്യത്തി ഏൽപ്പിക്കുകയുണ്ടായി. 10,15,16,17,18,11 എന്നീ വാർഡുകളിലെ മെയിന്റനൻസ് പ്രവ്യത്തിയ്ക്കായി 35952/-രൂപയും 1,2,3,4,5,12,14,15(15-ലെ ശേഷിക്കുന്ന പോസ്റ്റുകളിലേത് ) എന്നീ വാർഡുകളിലെ പ്രവ്യത്തിയ്ക്കായി 94260/-രൂപയും ടിയാന് നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവ്യത്തികളിൽ നിന്ന് നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം, ആദായ നികുതി എന്നിവ ബില്ലിൽ നിന്നും കുറവ് ചെയ്തതായി കാണുന്നില്ല. ടി വിഷത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.15/28.07.21) വിശദീകരണത്തിനുള്ള മറുപടിയോടൊപ്പം തുക അടവാക്കി ഓഡിറ്റിൽ രസീത് ഹാജരാക്കുകയുണ്ടായി.( രസീത് നം. 121030100624/29.07.21 – 2606/- രൂപ)

## 1-19 കെ.എസ്,ഇ.ബി ഡെപ്പോസിറ്റ് പ്രവൃത്തി- പൂർത്തീകരണ വിവരം ഇല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള ചുവടെ കൊടുത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പ്രവ്യത്തിയ്ക്കായി കെ.എസ്.ഇ.ബി. യിൽ ഡെപ്പോസിറ്റ് വർക്കിനായി തുക മുൻകൂർ നൽകിയിട്ടുണ്ട്

പ്രോ നം. 168/20( 15-ാം വാർഡിലെ വെട്ടിയകാട്- പൊഴിച്ചിറ എസ്.സി. മേഖലയിൽ സ്ട്രീറ്റ്ലൈൻ വലിക്കൽ)

അടങ്കൽ: 148374/-( Scp-51000; ത.ഫ- 48687; ജില്ലാ. പഞ്ചാ. - 48687)

ചെലവ്: 48687/- ( ത.ഫ- 22679/- ; ജി.പ- 26008)

(ജി.പ.-ബിൽ നം.- 34/19-20/31.03.20- 26008/-)

ത.ഫ.- ചെക്ക് നം. 2375100/31.03.20- 22679/- TSB Cheque)

പ്രോ.നം.: 82/2020(5,6,8,9,11,12,13 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ)

അടങ്കൽ : 1018086(ധനകാര്യ കമ്മീഷൻ ഗ്രാന്റ്-464056;ത.ഫ-52015; ജി.പ.-502015 )

ചെലവ് : 664060/- ( ധ.ക.ഗ്രാന്റ് -ബിൽ നം. 20/19-20 /22.01.20- 276210/-)

( ജി.പ.-ബിൽ നം.- 22/19-20/22.01.20- 375898/-)

ത.ഫ.- ചെക്ക് നം. 237574/31.03.20- 11952/-)

ചെലവിനാധാരമായ തുകകളുടെ എസ്റ്റിമേറ്റിനനുസൃതമായ കംപ്ലീഷൻ റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 712747/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതി-അപാകതകൾ

മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് മേശ,കസേര

പ്രൊജക്ട് നം - S0140/19

അടങ്കൽ - 221040/- (വികസനഫണ്ട് )

ചെലവ്-184240/-

ബിൽ നം-01/19-20,18/01/2020,184240/-

ഇറവൂർ ഗ്രാമപഞ്ചായത്തിൽ അസി ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് മേശ,കസേര (പ്രോ.നം 140/19)പ്രകാരം പ്ളാസാ എന്റർപ്രൈസ് എന്ന സ്ഥാപനത്തിന് 184240/- രൂപ അക്കൗണ്ട് ട്രാൻഫർ ചെയ്ത് നൽകിയിട്ടുണ്ട് ടി പദ്ധതിയുടെ ടെണ്ടർ വിവരങ്ങൾ,ഗുണ.ലിസ്റ്റ്,വിതരണരേഖകൾ, എന്നിവ ഹാജരാക്കിയിട്ടില്ല. വിശദാംശം ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം. 16/19-20 തീയതി.28.7.2021)യിലൂടെ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നത് വരെ 184240/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ഐ.കെ.എം നുള്ള വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ഇൻഫർമേഷൻ കേരളമിഷന് വിഹിതം നൽകൽ(പ്രോ നം.01/20) എന്ന പ്രോജക്ട് പ്രകാരം താഴെ കാണും പ്രകാരം ചെലവ് ഉണ്ടായിട്ടുണ്ട്.

അടങ്കൽ: 110230(വി.ഫ. -സാധാ)

ചെലവ്: 110230 (ബിൽ നം. 08/19-20/07.08.19)

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ എന്ന പേരിൽ തുക എസ്.ബി.ഐ. A/C No. 57047023512 ലേയ്ക്ക് ഓൺലൈൻ ട്രാൻസ്ഫർ ചെയ്തതായുള്ള പത്രിക മാത്രമാണുള്ളത്. തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 110230/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ബാരൽ വില നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ച ടാർവീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേയ്ക്ക് ധനകാര്യ വകുപ്പിന്റെ 12.4.06-ലെ ജി.ഒ. (പി)177/06/ നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് സർക്കാരിലേയ്ക്ക് തിരിച്ചടവാക്കേണ്ടതാണ്. ഓഡിറ്റിൽ ഹാജരാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാതെ തനത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി കാണുന്നു. മേൽ വിഷയം സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/28.07.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ടിലേയ്ക്ക് ബാരൽ വിലയിനത്തിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട വിവിധ സർക്കാർ ഫണ്ടുകൾ അതാത് ഫണ്ടിനുള്ള നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് തിരികെ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## 2-1 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക /സേവനങ്ങൾ) - അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു

**1.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല**

ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തന്മൂലം എല്ലാ വ്യാപാരികളും ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നതായോ തൊഴിൽ നികുതി ഒടുക്കുന്നതായോ ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഇത് ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനിടവരുത്തും. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്തെങ്കിലും ക്രിയാത്മകമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല. എല്ലാ വ്യാപാരസ്ഥാപനങ്ങളെ കൊണ്ടും ലൈസൻസ്

എടുപ്പിക്കുന്നതിനും അവരെ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2.1996 ലെ പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ **(**പട്ടിക ക്രമ നം**-149)** അബ്കാരി ഷോപ്പുകൾ**(**കള്ളുഷാപ്പ്**)** **(**ക്രമ നം**-139),**പാൽ സൊസൈറ്റികൾ **(**ക്രമ നം**-132)** തുടങ്ങിയ സ്ഥാപനങ്ങളുടെ വിവരങ്ങളും, അവ ലൈസൻസ് എടുത്തിട്ടുണ്ടോ എന്നതും സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറി(27/30.1.2019)ക്ക് ലഭ്യമാക്കിയ മറുപടിയിൽ

ഈ സ്ഥാപനങ്ങളെ കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിന് നോട്ടീസ് നൽകി ലൈസൻസ് എടുപ്പിച്ച് റിപ്പോർട്ട് ചെയ്തു കൊള്ളാമെന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

3.പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

31.10.2017 തീയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ്ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം 2019-20 വർഷത്തിൽ ലൈസൻസിനുള്ള അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ അപേക്ഷകളിലൊന്നും വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടു. ആയതിനാൽ പല പ്രമുഖ സ്ഥാപനങ്ങളുടേയും ലൈസൻസ് ഫീസ് മുൻവർഷത്തെ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. ഇതുകാരണം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

4.1994 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പരിധിയിൽ ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് യാതൊരുസ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 10 പ്രകാരം ഈ ആവശ്യങ്ങൾക്കുള്ള നിലവിലെ ലൈസൻസ് പുതുക്കുന്നത് സാമ്പത്തിക വർഷാവസാനത്തിന് 30 ദിവസം മുമ്പും പുതിയ ലൈസൻസ് അനുവദിക്കുന്നത് സ്ഥാപനം തുറക്കുന്നതിന് 30 ദിവസം മുമ്പുമായിരിക്കണം. 2019-20 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അപേക്ഷ,രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിലവിൽ ലൈസൻസുള്ള മിക്ക സ്ഥാപനങ്ങളും തന്നെ സാമ്പത്തിക വർഷം ആരംഭിച്ചതിന് ശേഷം മാത്രമാണ് ലൈസൻസ് വാങ്ങിയിട്ടുള്ളത്.ടി സ്ഥാപനങ്ങളിൽ നിന്ന് ബിലേറ്റഡ് ഫീസിനത്തിൽ ഒന്നും തന്നെ ഈടാക്കിയിട്ടില്ല.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | അപേക്ഷകന്റെ പേര് | അപേക്ഷ സ്വീകരിച്ച തീയതി | ഈടാക്കിയ ലൈസൻസ് തുക | ഈടാക്കേണ്ടിയിരുന്ന ബിലേറ്റഡ് ഫീസ്(ലൈസൻസ് ഫീസിന്റെ 25% ) | രസീത് നം /തീ |
|---|---|---|---|---|---|
| 1 | ടി.ആർ ഓമന സിമാലയം XVII/212 | 26/04/19 | 500 | 125 | 119030100195/ 26/4/19 |
| 2 | ജയൻ ആർ പുത്തംതറ വീട്, തുറവൂർ.പി.ഒ VII/338 | 17/04/19 | 500 | 125 | 119030100138/17/04/19 |

| | | | | | |
|---|---|---|---|---|---|
| 3 | സിബി ബോസി<br>മാളിയേക്കൽ,<br>ചന്തിരൂർ.പി.ഒ<br>V/156,168 | 16/05/19 | 500 | 125 | 19030100425/16/05/19 |
| 4 | സുരേഷ് പി .കെ<br>പാർവ്വതി നിവാസ്,<br>തുറവൂർ.പി.ഒ<br>V/157 | 16/5/19 | 500 | 125 | 119030100426/16/05/19 |
| 5 | എൻ.മധു<br>നടക്കൽ പറമ്പിൽ<br>തുറവൂർ പി.ഒ<br>V/68 | 4/04/19 | 500 | 125 | 1190301000017/<br>4/04/19 |
| 6 | രാധാകൃഷ്ണൻ<br>എം.പി<br>മുല്ലശ്ശേരിത്തറ<br>തുറവൂർ<br>പി.ഒ,ചേർത്തല<br>V/120 | 10/4/19 | 500 | 125 | 119030100/<br>10/04/19 |
| 7 | ജയ മാത്യു<br>മാലിയിൽ,തുറവൂർ,<br>വളമംഗലം<br>XII/433 | 23/12/19 | 500 | 125 | 19030100078/<br>23/12/19 |
| 8 | ധന്യ എസ്<br>പാവുങ്കൽ<br>തുറവൂർ പി.ഒ,<br>5/86 | 21/5/2019 | 500 | 125 | 119030100519<br>21/5/2019 |
| 9 | വേണുകുട്ടൻ എസ്<br>നടുവിലേഴത്ത്<br>വളമംഗലം പി.ഒ<br>X/280 B | 22/5/19 | 500 | 125 | 19030100568<br>22/5/2019 |
| 10 | സുനീർ റ്റി.എം<br>തെക്കേക്കാട്ടിൽ<br>പുത്തൻ വീട്<br>പള്ളിത്തോട് പി.ഒ<br>16/188 A | 22/5/19 | 500 | 125 | 19030100562/22/5/2019 |
| 11 | കുമാരൻ<br>കലാഭവൻ<br>വളമംഗലം തെക്ക്<br>പി.ഒ<br>X/245 A | **31/05/19** | 500 | 125 | 19030100656<br>31/05/2019 |
| 12 | ഗീതാ<br>ഗണപതിത്തറ,<br>വളമംഗലം,തുറവൂർ<br>5/712 | 1/06/19 | 500 | 125 | 19030100668<br>1/6/2019 |

| | | | | | |
|---|---|---|---|---|---|
| 13 | ഇന്ദുലേഖ<br>വടക്കേമാതുപറമ്പ്<br>പടിഞ്ഞേറേ<br>മനക്കോടം<br>IV/215 B | 2/07/19 | 500 | 125 | 19030100993<br>6/7/2019 |
| 14 | തമ്പി ആർ<br>ചാലുചിറ വീട്<br>വളമംഗലം തെക്ക്,<br>തുറവൂർ<br>X1/150 | 29/07/19 | 1000 | 250 | 19030101224<br>7/8/2019 |
| | ആകെ | | | 1875 | |

മേൽ സ്ഥാപനങ്ങളിൽ നിന്നും ബിലേറ്റഡ് ഫീസ് ഈടാക്കേണ്ടതാണ്.ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സ്വീകരിയ്ക്കുമ്പോൾ സമയബന്ധിതമായി സമർപ്പിയ്ക്കാത്ത അപേക്ഷകളിൽ നിന്നും ബിലേറ്റഡ് ഫീസ് ഈടാക്കാനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്

**5.മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ടി സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

അപേക്ഷകരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം: | വാർഡ് നം/ കെട്ടിട നം. | ഉടമസ്ഥന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | IV/537 | ഗംഗാധരൻ നായർ കെ.എൻ | 7 HP | 100 | - | 100 |
| 2 | II/270 | റ്റി.ബി.സിംസൻ | 25 HP | 250 | 150 | 100 |
| 3 | V/255 | ജയകുമാർ.കെ.ആർ | 10 HP | 100 | - | 100 |
| 4 | XV/164 | ഫ്രാൻസിസ് | 62HP | 500 | 200 | 300 |
| 5 | XIII/209 | സുനിൽ കെ.എസ് | 7HP | 100 | - | 100 |
| 6 | XVII/212 | ടി.ആർ ഓമന | 10hp | 100 | 50 | 50 |
| 7 | V/78 | എ.ജി സതിദേവി | 10HP | 100 | - | 100 |
| 8 | XI/37 | മുരളീധരൻ എ.കെ | 10 HP | 100 | | 100 |
| 9 | XI/150 | തമ്പി ആർ | 20 Hp | 200 | - | 200 |
| | ആകെ | | | | | 1150 |

മേൽ സ്ഥാപന ഉടമകളിൽ നിന്നും റണ്ണിംഗ് ഫീസിനത്തിൽ കുറവു വന്ന തുക 1150/- രൂപ ഈടാക്കേണ്ടതാണ്.

**1996** ലെ കേരള പഞ്ചായത്ത് രാജ് **(**ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ**)** ചട്ടങ്ങളിലെ ചട്ടം**232(1) 233(**എ**)** അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്**.** മേൽ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2-2 വ്യക്തിഗത ആനുകൂല്യവിതരണ പദ്ധതികളിൽ കരാറിന് മുദ്രപത്രം വാങ്ങിയില്ല.

തുറവൂർ ഗ്രാമപഞ്ചായത്തിൽ അസി.സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ സർക്കാർ ഉത്തരവ് (കൈ) നം.22/2018/

ത.സ്വ.ഭ.വ Dtd 14.02.2018 ഖണ്ഡിക 2.2.15, സർക്കാർ ഉത്തരവ് (സാധാ) നം.2728/2017/തസ്വഭവ) എന്നിവ പ്രകാരം വ്യക്തിഗത ആനുകൂല്യവിതരണ പദ്ധതികളിൽ കരാറിന് നിഷ്കർശിച്ചിട്ടുള്ള മുദ്രപത്രം വാങ്ങാത്തതിനാൽ സംസ്ഥാന സർക്കാരിന് ഈയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്, നമ്പർ | ചെലവ് | എണ്ണം |
|---|---|---|---|
| 1 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് നം. 21/20 | Rs.8,25,000/- | 40 പേർ |
| 2 | എസ്.സി വിവാഹ ധനസഹായം പ്രോജക്ട് നം. 18/20 | Rs.750000/- | 10 പേർ |

വിവാഹ ധനസഹായം വിതരണ പദ്ധതിയിൽ മാത്രം സർക്കാർ മാർഗ്ഗനിർദ്ദേശം അനുസരിച്ച് മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിലുള്ള നിയമാനുസൃത കരാർ ചമക്കാതിരുന്നതിനാൽ ഒരു ഗുണഭോക്താവിൽ നിന്നും 200 രൂപ വീതം ആകെ 2000 രൂപ മുദ്രപത്രവിലയിനത്തിൽ സർക്കാരിന് ലഭിച്ചില്ല. ഈ തുക സർക്കാരിന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിദ്യാഭ്യാസ സഹായ പദ്ധതികളിൽ ബിരുദാനന്തര ബിരുദ, മെഡിക്കൽ വിദ്യാർത്ഥികൾക്ക് ഉയർന്ന നിരക്കിലുള്ള സഹായമാണ് നൽകുന്നത്. ഈ പദ്ധതിയിലുൾപ്പെടെ സർക്കാർ നിഷ്കർശിച്ചിട്ടുള്ള നിരക്കിലുള്ള മുദ്രപത്രം വാങ്ങാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 400000 | പാലിന് സബ്സിഡി (പ്രോ നം. 4) | 4000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 350000 | സ്കോളർഷിപ്പ് (പ്രോ നം. 10) | 283660 | 66340 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1820646 | ലൈഫ് ജനറൽ (പ്രോ നം. 36) | 1800000 | 20646 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1587200 | ലൈഫ്-എസ്.സി (പ്രോ നം. 40) | 423415 | 1163785 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1163785 | ലൈഫ്-എസ്.സി (പ്രോ നം. 137) | 562211 | 601574 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 192921 | ചൂർണിമംഗലം റോഡ് (പ്രോ.നം.88) | 192921 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 116622 | മിൽമ പൂജവെളി റോഡ് നിർമ്മാണം(പ്രോ.നം.92) | 116622 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | അഗതി ആശ്രയ ഭക്ഷ്യ ധാന്യ വിതരണം (പ്രോ.നം. 16) | 100000 | 100000 |
| ജില്ല പഞ്ചായത്ത് | 2019-20 | 100000 | അനുപൂരക പോഷകാഹാരം | 0 | 100000 |
| ജില്ല പഞ്ചായത്ത് | 2019-20 | 1284405 | ലൈഫ്-എസ്.സി (പ്രോ നം. 137) | 1284405 | 0 |
| ജില്ല | 2019-20 | 123381 | പാലിന് സബ്സിഡി | 123381 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | (പ്രോ നം. 4) | | |
| ജില്ല പഞ്ചായത്ത് | 2019-20 | 375898 | സ്ട്രീറ്റ് ലൈൻ നീട്ടൽ (പ്രോ നം. 82) | 375898 | 0 |
| ജില്ല പഞ്ചായത്ത് | 2019-20 | 26008 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോ നം.168) | 26008 | 0 |
| ജില്ല പഞ്ചായത്ത് | 2019-20 | 2900000 | അങ്കണവാടി നിർമ്മാണം | 589885 | 2310115 |

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോ നം.82) | 21901278/20.12.19 | 375898 | 0 | 375898 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോ നം.82) | 21901279/27.12.19 | 276210 | 0 | 276210 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോ നം.82) | 21901101/31.03.20 | 11952 | 0 | 11952 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോ നം.168) | 21901097/31.03.20 | 22679 | 0 | 22679 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോ നം.168) | 21901315/19.03.20 | 26008 | 0 | 26008 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 16840000/-രൂപ വരവുണ്ട്. മുൻ ബാക്കി 74132/-രൂപയടക്കം 16914132/-രൂപയിൽ 15114132/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | G.O.(Ms) No. 111/2018/LSGD/13.08.2018 | 16840000 | 12814132 | 2350602 | - | 27303530 |

4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 400000 |
| തൻവർഷം നിക്ഷേപിച്ച തുക | - |

| | |
|---|---|
| ആകെ | 400000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 400000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | അക്കൗണ്ട് നം. |
|---|---|---|---|---|---|
| 1 | Canara Bank | 06/01/2016 | | 400000 | Os No.211 ചേർത്തല സബ്കോർട്ടിൽ ഹാജരാക്കിയത് |

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 350/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|---|
| 2015-16 | 2-7 | 200 | കുഞ്ഞപ്പൻ | 119030100930/1.7.19 |
| 2012-13 | 2-2 | 50 | ജോസഫ് | 119030101880/14.01.19 |
| 2012-13 | 2-2(1) | 100 | ലിജി ബാബു | 119030101881/14.01.19 |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 2011-12 | 3-1 | 2013-14 | 3-3 | വ്യാജ ബില്ലുകൾ ചമച്ച് തൈകളും വിത്തുകളും വാങ്ങിയത്. | നിലവിൽ മേൽ വിഷയം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ആലപ്പുഴയിൽ കേസ് നിലനിൽക്കുന്നു. |

4-8 സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 127494123 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 91398038 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3025/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2085267/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 3025/- | ശ്രീമതി സതീദേവി രാമൻനായർ, സെക്രട്ടറി |
| ആകെ | 3025/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 30,000/- | ശ്രീ. അനിൽ കുമാർ, വി.ഇ.ഒ മനക്കോടം |
| 1-15 | 10,00,000/- | ശ്രീ. അനിൽ കുമാർ, വി.ഇ.ഒ മനക്കോടം |
| 1-17 | 48,050/- | ശ്രീമതി. മഹിളാമണി, എച്ച്.എം. എൽ പി.എസ് |
| 1-19 | 712747/- | ശ്രീമതി സതീദേവി രാമൻനായർ,സെക്രട്ടറി |
| 1-20 | 184240/- | ശ്രീമതി. ലീന ഡെന്നീസ്, അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-21 | 110230/- | ശ്രീമതി സതീദേവി രാമൻനായർ,സെക്രട്ടറി |
| ആകെ | 2085267/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 2000/- | ശ്രീ.ഫൌലാദ് എ.എഫ്, അസി. സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| | | | |

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | സതീദേവി രാമൻനായർ | സെക്രട്ടറി,<br>തുറവൂർ ഗ്രാമപഞ്ചായത്ത് | അരവിന്ദം,<br>കടക്കരപ്പള്ളി,<br>ചേർത്തല |
| 2 | അനിൽകുമാർ കെ.എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മനക്കോടം തുറവൂർ ഗ്രാമ പഞ്ചായത്ത് | കളപ്പുരയ്ക്കൽ വെളിയിൽ, അരൂർ പി.ഒ, ആലപ്പുഴ |
| 3 | മഹിളാമണി,<br>ഹെഡ്മിസ്ട്രസ്,<br>ഗവ.എൽ.പി.എസ് | ഹെഡ്മിസ്ട്രസ്,<br>ഗവ.എൽ.പി.എസ്,<br>ചൂർണ്ണിമംഗലം, തുറവൂർ | അശ്വതി, വയലാർ പി.ഒ<br>,<br>ചേർത്തല |
| 4 | ലീന ഡെന്നീസ്, അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ,<br>ചേർത്തല | പുത്തൻവെളിയിൽ,<br>എസ്.എൽ പുരം പി.ഒ,<br>ചേർത്തല |
| 5 | ഫൗലാദ് എ.എഫ്,<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി,<br>തുറവൂർ ഗ്രാമ പഞ്ചായത്ത് | ദാറുൽ അർഖം, നദുവത്ത് നഗർ പി.ഒ, അരൂക്കുറ്റി, ആലപ്പുഴ |

4-10. <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97മുതൽ 2004-05 വരെ | എൽ.എഫ്.ജി.എ 5-1832/11 തീയതി, 17-01-12 |
| 2005-06 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-1577/13 തീയതി, 05-05-14 |
| 2010-11& 2011-12 | എൽ.എഫ്.എ.പി2-123/121 തീയതി, 30-04-13 |
| 2012-13 | എൽ.എഫ്. എ പി 2-1038/14 തീയതി, 03-08-14/29-11-14 |
| 2013-14 & 2014-15 | കെ.എസ്.എ.എൽ.പി.പി 2-88/2016 തീയതി, 17-02-16 |
| 2015-16 | കെ.എസ്.എ.എൽ.പി.പി 2-22/2017 തീയതി, 05-04-17 |
| 2016-17 | കെ.എസ്.എ.എൽ.പി.പി 2-856/2017 തീയതി, 10.07.2017 |
| 2017-18 | കെ.എസ്.എ.എൽ.പി.പി 2-1253/2018 തീയതി, 30.8.18 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/പി2-134/2020 തീയതി, 09.06.2020 |

.

.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്